പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1211

12.03.2015 ൽ
മറുപടിക്ക്

തോട്ടുകളും ചാലുകളും പുനഃസ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ . അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളത്തിന്റെ പേരിൽ അനധികൃതമായി മണ്ണിട്ട് മൂടിയ തോടുകളും ചാലുകളും പുനഃസ്ഥാപിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; വിധി പ്രസ്താവത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ പുറമ്പോക്ക് തോട് പൂർവ്വസ്ഥിതിയിലാക്കാൻ ബഹു.ഹൈക്കോടതിയുടെ 16.06.2014 ലെ WP(C) 6519/2014-ാം നമ്പർ കോടതിവിധി പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി കേസിലെ ഒന്നാം പ്രതിയായ പത്തനംതിട്ട ജില്ലാ കളക്ടർ ബന്ധപ്പെട്ട കക്ഷികളെക്കൂടി നേരിൽ കേട്ട ശേഷം തോട് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്.<br><br>WP(C) No.6519/14 ലെ 16.06.14 ലെ വിധിന്യായത്തിനെതിരെ കെ.ജി.എസ് ആറന്മുള അന്താരാഷ്ട്ര വിമാനത്താവള കമ്പനി 665/2014 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിരുന്നതും 26.11.2014 ലെ ഉത്തരവ് പ്രകാരം റിവ്യൂ പെറ്റീഷണർ കമ്പനിയെക്കൂടി കേട്ടതിനുശേഷമേ WP(C) No.6519/14 ലെ 16.06.14 ലെ വിധിന്യായത്തിൻമേൽ ജില്ലാ കളക്ടർ തീരുമാനമെടുക്കാവൂ എന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) | വിധി നടപ്പിലാക്കിയിട്ടുണ്ടോ; എത്ര ദിവസത്തിനകം തോടുകൾ പുനഃസ്ഥാപിക്കാനായിരുന്നു കോടതി നിർദ്ദേശം നല്കിയിരുന്നത്; | (ബി) | വിധി നടപ്പിലാക്കിയിട്ടില്ല. വിധിന്യായ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം നടപടി സ്വീകരിക്കുവാനായിരുന്നു ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലെ നിർദ്ദേശം |

| | | | |
|---|---|---|---|
| (സി) | കോടതിവിധി അട്ടിമറിക്കുന്നതിനായി സർക്കാർ നിയമവിരുദ്ധ തീരുമാനങ്ങൾ എടുത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പാരിസ്ഥിതികാനുമതി റദ്ദാക്കിയതിനുശേഷവും കോടതിവിധി അവഗണിച്ച് കെ.ജി.എസ്.ഗ്രൂപ്പിനെ സഹായിക്കുന്ന സർക്കാർ നടപടി തിരുത്താൻ തയ്യാറാകുമോ ? | (ഡി) | കോടതിവിധി അവഗണിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.<br><br>സെക്ഷൻ ഓഫീസർ |